**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4071 24.06.2019 -ലെ മറുപടിക്ക്**

## അംബേദ്ക്കർ ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കരിക്കകത്ത് കോളനിയിലെ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഈ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത എത്ര പ്രവർത്തികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | നെടുമൺ മരുതൂർ, സി.ആർ.പി.എഫ് പള്ളിപ്പുറം (ശ്രീപാദം), അപ്പോളോ എന്നീ മൂന്ന് കോളനികളിലെ യഥാക്രമം 4,2,4 വീതം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടില്ലാത്തത്. ശ്രീപാദം കോളനിയിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന വാട്ടർടാങ്ക് സ്ഥാപിക്കൽ, അപ്പോളോ കോളനിയിലെ മിനികോൺഫറൻസ് ഹാളിന്റെ സബ് സെന്റർ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനുപുറമേ നിർമ്മാണ പുരോഗതി വിലയിരുത്താൻ ഉദ്യോഗസ്ഥ തലത്തിൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ